## പതിമൂന്നാം കേരളനിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷ്ത്രചിഹ്നമിടാത്ത ചോദ്യം : 336** **11.06.2013 ലെ മറുപടിയ്ക്ക്**

## പാരമ്പര്യേതര ഊർജ്ജ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) പാരമ്പര്യേതര ഊർജ്ജ പദ്ധതി വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത് എന്ന് വ്യക്തമാക്കുമോ ; | (എ) പാരമ്പര്യേതര ഊർജ്ജ പദ്ധതി വ്യാപകമാക്കുന്നതിന് താഴെപറയുന്ന വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.<br>1) പതിനായിരം വീടുകൾക്ക് 1കിലോ വാട്ട് വീതം ശേഷിയുള്ള സോളാർ പവർ പ്ലാന്റുകൾ (ആകെ 10 മെഗാവാട്ട് സൗരവൈദ്യുതി ഉത്പാദനശേഷി)<br>2) ഗവണ്മെന്റ് / അർദ്ധ ഗവണ്മെന്റ് സ്ഥാപനങ്ങളിൽ ഏകദേശം 500 കിലോ വാട്ടിലധികം ശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റുകൾ.<br>3) കേരളത്തിലെ 14 മുനിസിപ്പാലിറ്റികളിൽ 100 വീതം (ആകെ 1400) സൗരോർജ്ജ തെരുവ് വിളക്കുകൾ<br>4) ഗാർഹിക ഉപയോഗത്തിനുതകുന്ന ബയോഗ്യാസ് പ്ലാന്റുകൾ<br>5) മെച്ചപ്പെട്ട വിറകടുപ്പുകളുടെ പദ്ധതി<br>6) സൗരോർജ്ജ വാട്ടർഹീറ്ററുകൾ<br>7) 27 മെഗാവാട്ട് കാറ്റാടിപ്പാടം സ്ഥാപിക്കുവാനുള്ള സാങ്കേതികാനുമതി<br>8) 28000 സൗരോർജ്ജ റാന്തലുകളുടെ വിതരണം |

(മറുപുറം)

(ബി) സർക്കാർ സ്ഥാപനങ്ങളിൽ സോളർ എനർജി പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉദ്ദേശിക്കുന്നുണ്ട്.

(സി) ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളെ സോളാർ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

(സി) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളെ സോളാർ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഇത്തരത്തിലുള്ള നിരവധി പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ പരിശോധിക്കാനും നടപ്പിലാക്കാനുമുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**